കൊട്ടാരക്കര നഗരസഭ കാര്യാലയം
പുലമൺ(പി.ഒ), കൊട്ടാരക്കര, പിൻ–691531
ഫോൺ–0474 2452366 email-kottarakaramp@gmail.com

E1-10578/19

01.01.2024

പ്രേഷകൻ

സെക്രട്ടറി
കൊട്ടാരക്കര നഗരസഭ

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ –2 &
കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി –2
തദ്ദേശ സ്വയംഭരണ വകുപ്പ്
കൊല്ലം

സർ,

വിഷയം : കൊട്ടാരക്കര നഗരസഭ - നവകേരള സദസ് – ഉപജില്ലാ അദാലത്ത് – കെട്ടിട നമ്പർ അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന : ശ്രീമതി. മറിയാമ്മ രാജു, മയലിൽ രഞ്ജു കോട്ടേജ്, കരിങ്ങോട് പുലമൺ പി.ഒ, കൊട്ടാരക്കര, അദാലത്ത് പോർട്ടലിൽ സമർപ്പിച്ച പരാതി.

മേൽ സൂചന പരാതിക്ക് ആസ്പദമായ കെട്ടിടത്തിന് 09.03.2017 തീയതിയിൽ E1/237/16-17 നമ്പർ ആയി Ground Floor - 95.11 m2 (വാണിജ്യം), First Floor - 118.77 m2 (വാണിജ്യം) ഉൾപ്പെടെ 213.88 m2 തറ വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണ അനുമതി കൊട്ടാരക്കര നഗരസഭയിൽ നിന്നും അനുവദിച്ചിട്ടുള്ളതാണ്. ടി പെർമിറ്റ് പ്ലാൻ പരിശോധിച്ചതിൽ ഗ്രൗണ്ട് ഫ്ളോറിൽ പാർക്കിംഗ് (കൊമേഷ്യൽ ) എരിയയും ഫസ്റ്റ് ഫ്ളോറിൽ (കൊമേഷ്യൽ ) എരിയയും രേഖപ്പെടുത്തിയ അപ്രൂവ്ഡ് പെർമിറ്റ് പ്ലാൻ ആണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് E1-10578/19 നമ്പർ അപേക്ഷ 09.08.2019 ൽ അപേക്ഷകൻ occupancy അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ (KMBR1999 Rule 24(5), 34, 24(1), 39(2), 40, 40(A) എന്നിവ പ്രകാരമുള്ള violations റിപ്പോർട്ട് ചെയ്തിട്ടുള്ളതും സമർപ്പിച്ചിട്ടുള്ള പ്ലാനിൽ ഏരിയ തെറ്റായ രീതിയിൽ (കുറവ് വരുത്തി) കാണിച്ചിട്ടുള്ളതായും പ്ലാനിൽ stair room ഉൾപ്പെടുത്തിയിട്ടില്ലാത്തതായും റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 17.09.2019 തീയതിയിൽ

E1-10578/19 നമ്പറായി അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. 17.09.2019 ലെ നോട്ടീസിന് അപേക്ഷകൻ മറുപടി നൽകാതിരുന്നതിനാൽ 10.12.2019 ൽ രണ്ടാമതും ആദ്യ നോട്ടീസ് പകർപ്പ് സഹിതം അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. ആയതിന് അപേക്ഷകൻ നൽകിയ മറുപടിയിൽ KMBR അപാകത പരിഹരിക്കുന്നതിന് സമയം ആവശ്യപ്പെട്ടിട്ടുള്ളതായും അപാകത പരിഹരിച്ചിട്ടില്ലാത്തതായും റിപ്പോർട്ട് ചെയ്തിട്ടുള്ളതും, തുടർന്ന് 30.12.2020 ൽ ടി കെട്ടിടത്തിന് UA നികുതി നിശ്ചയിച്ചിട്ടുള്ളതുമാണ്. ടി കെട്ടിടത്തിന് 21.06.2021 ൽ Provisional Order അനധികൃത നിർമ്മാണത്തിന്റെ വിവരണം ഉൾപ്പെടുത്തി നൽകിയിട്ടുള്ളതാണ്. 05.02.2022 ൽ അപേക്ഷകൻ Ground Floor വാണിജ്യ കെട്ടിടവും First floor വാസഗൃഹകെട്ടിടവുമാക്കിയാണ് പുതുക്കിയ പ്ലാൻ സമർപ്പിച്ചിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 10.05.2022 ൽ KMBR ചട്ടങ്ങൾ പാലിച്ച് ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. ആയതിന് അപേക്ഷകൻ 17.12.2022 ൽ പുതുക്കിയ completion plan ആണ് സമർപ്പിച്ചിട്ടുള്ളത്. KMBR 2019 പ്രകാരമുള്ള ക്രമവൽക്കരണ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണ്. കൂടാതെ ടി completion plan ന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ പുതിയ ടോയിലെറ്റ് rear yard ൽ നിർമ്മിച്ചിട്ടുള്ളതും ആയത് KMBR ചട്ടപ്രകാരമുള്ള set back ലഭ്യമല്ലാത്ത നിലയിലുമാണ്. ആയത് ഉൾപ്പെടെയുള്ള എല്ലാ അപാകതകളും അപേക്ഷകനെ അറിയിച്ചിട്ടുള്ളതും അപേക്ഷകൻ ടി അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതും KMBR ന് വിധേയമായി സ്ഥലത്ത് ക്രമീകരണങ്ങൾ നടത്തി ക്രമവൽക്കരണ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമാണെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
കൊട്ടാരക്കര നഗരസഭ